ഫ്ളാറ്റുകളുടെ നിർമ്മാണത്തിൽ നിയന്ത്രണം.

15 (*75) ശ്രീ. തമ്പാനൂർ രവി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബഹുനില ഫ്ളാറ്റുകളുടെ നിർമ്മാണം വർദ്ധിച്ചു വരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂകമ്പം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ കണക്കിലെടുത്ത് ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) ഉണ്ട്.

(ബി) ഫ്ളാറ്റുകളുടെ നിർമ്മാണത്തിൽ സുരക്ഷാ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(സി) ഇക്കാര്യത്തിൽ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

മദ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി

16 (*76) ശ്രീ. പി. രാജു:
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മദ്യത്തിന്റെ സെക്കന്റ് സ് വിൽപന തടയുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഇപ്പോൾ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലിവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) എക്സ്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമായി പ്രവർത്തിക്കുന്നുണ്ട്. വിദേശമദ്യഷാപ്പുകളിലും ബാർ ഹോട്ടലുകളിലും കള്ളുഷാപ്പുകളിലും വില്പനയ്ക്ക് വച്ചിരിക്കുന്ന മദ്യത്തിന്റെ സാമ്പിളുകൾ രാസ പരിശോധനയ്ക്ക് വിധേയമായി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോഴുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്.

മണ്ഡരി രോഗം

17 (*77) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരകൃഷിയെ ബാധിച്ച മണ്ഡരി രോഗം മൂലം നാളികേരത്തിന്റെ ഉൽപാദനത്തിലുണ്ടായ കുറവെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഇതുമൂലം സംസ്ഥാനത്തിന് എത്ര കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ ;

(സി) മണ്ഡരി രോഗം നിയന്ത്രിക്കുന്നതിന് ഇതുവരെ സർക്കാർ എത്ര കോടി രൂപ ചെലവഴിച്ചു ;

(ഡി) സംസ്ഥാനത്ത് മണ്ഡരി രോഗം പൂർണ്ണമായും നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 17.94 കോടി രൂപ കൃഷി വകുപ്പും 8.31 കോടി രൂപ ത്രിതല പഞ്ചായത്തു സ്ഥാപനങ്ങളും ചെലവഴിച്ചിട്ടുണ്ട്. രണ്ടാംഘട്ട മരുന്നുതളി നടന്നു വരുന്നു.

(ഡി) രണ്ടും മൂന്നും ഘട്ട മരുന്നുതളി പൂർത്തിയാകുമ്പോൾ മണ്ഡരിബാധ പൂർണ്ണമായും നിയന്ത്രിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പതിനൊന്നാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ അവാർഡ്

18 (*78) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനൊന്നാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ അവാർഡ് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly